"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി. ജി. ഹോസ്പിറ്റൽ - പൂന്തി - അണമുഖം ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 355/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക നൽകുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1532/2024/LSGD** **തീയതി, തിരുവനന്തപുരം, 16-08-2024**

പരാമർശം:-
1. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 29/06/2013 തീയതിയിലെ എൽ.എ.ആർ. 355/2009 നമ്പർ കേസിന്മേലുള്ള വിധിന്യായം.
2. സ.ഉ.(പി)നം. 32/2019/ധന തീയതി 18/03/2019
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13/02/2024 തീയതിയിലെ കെ10/86143/2013 നമ്പർ കത്ത്
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 04/03/2024 ലെ എ3/1378/09/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി. ജി. ഹോസ്പിറ്റൽ - പൂന്തി - അണമുഖം ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് മുൻ ഉടമ ശ്രീമതി ലക്ഷ്മി പിള്ള ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 355/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 9,76,684/- രൂപ (ഒൻപത് ലക്ഷത്തി എഴുപത്തിയാറായിരത്തി അറുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി. ജി. ഹോസ്പിറ്റൽ - പൂന്തി - അണമുഖം ബൈപ്പാസ് റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ സർവ്വേ നം. 441 (Re.Sy.No.142)-ൽപ്പെട്ടതും ശ്രീമതി ലക്ഷ്മി പിള്ളയുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.20 ആർ വസ്തു ഏറ്റെടുത്തതുമായി ബന്ധപ്പെട്ട ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 355/09 നമ്പർ കേസിലെ പരാമർശം (1) വിധിന്യായത്തിന്റ അടിസ്ഥാനത്തിലുള്ള ബാലൻസ് വിധിക്കടത്തുകയായ 9,76,684/- രൂപ (ഒൻപത് ലക്ഷത്തി എഴുപത്തിയാറായിരത്തി അറുന്നൂറ്റി എൺപത്തിനാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീമതി ലക്ഷ്മി പിള്ള (D/o ഗൗരിക്കുട്ടി

പിള്ള, T.C.No.13/1661, ലതാ വിഹാർ, മണ്ണറ വീട്, മുറിഞ്ഞപാലം, പട്ടം, തിരുവനന്തപുരം) എന്നയാൾക്ക് '4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി ലക്ഷ്മി പിള്ള (D/o ഗൗരിക്കുട്ടി പിള്ള, T.C.No.13/1661, ലതാ വിഹാർ, മണ്ണറ വീട്, മുറിഞ്ഞപാലം, പട്ടം, തിരുവനന്തപുരം) (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/258/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 17-08-2024 16:52:41
സെക്ഷൻ ഓഫീസർ